**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1348 — 03/12/2018-ൽ മറുപടി നൽകേണ്ടത്

## നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്

| | ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വി.എച്ച്.എസ്.സി.ക്ക് പകരമായി പുതിയ കേന്ദ്രാവിഷ്കൃത തൊഴിൽ പഠന പദ്ധതിയായ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | നിലവിലെ 389 തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒറ്റത്തവണയായി നടപ്പിലാക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച്, ആദ്യ ഘട്ടമെന്ന നിലയിൽ 9 സ്കിൽ സെക്ടറുകളിൽ 12 ജോബ് റോളുകൾ, 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ 11-ാം ക്ലാസിൽ, 30 വിദ്യാർത്ഥികൾ വീതം അടങ്ങുന്ന 147 ബാച്ചുകളിൽ NSQF (National Skill Qualification Framework) അധിഷ്ഠിത പാഠ്യപദ്ധതി 2018-19 അദ്ധ്യയന വർഷം മുതൽ തുടങ്ങുവാൻ 09.05.2018 ലെ സ.ഉ(കൈ) നം.56/2018/പൊ.വി.വ ഉത്തരവ് പ്രകാരം തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പഠന പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ വി.എച്ച്.എസ്.സി.യിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും ജോലി സംരക്ഷിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | എൻ.എസ്.ക്യു.എഫ് പാഠ്യപദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ വി.എച്ച്.എസ്.സി.യിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ